ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 20.08.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ അധ്യക്ഷതയിൽ ദക്ഷിണ മേഖലാ കൗൺസിലിന്റെ 31-ാമത് യോഗം തമിഴ്നാട്ടിൽ പുരോഗമിക്കുന്നു. മുഖ്യമന്ത്രി വി ഡി സതീശൻ പങ്കെടുക്കുന്നു.

   **Union Home Minister Amit Shah chairs 31st Southern Zonal Council meeting in Tamil Nadu; Chief Minister V.D Satheesan attends.**

2. നാലാമത് ഇന്ത്യ-സിംഗപ്പൂർ മന്ത്രിതല വട്ടമേശ സമ്മേളനം ഇന്ന് നടക്കും. സമ്മേളനത്തോടനുബന്ധിച്ച് കേന്ദ്രമന്ത്രി നിർമല സീതാരാമൻ സിംഗപ്പൂർ പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തി.

   **4th India-Singapore Ministerial Roundtable today; Union Minister Nirmala Sitharaman meets Singapore PM Lawrence Wong ahead of summit.**

3. ഐക്യരാഷ്ട്രസഭ സുരക്ഷാ സമിതിയുടെ ഘടനയിൽ അടിയന്തര പരിഷ്കാരങ്ങൾ ആവശ്യപ്പെട്ട് ഇന്ത്യ. വികസ്വര രാജ്യങ്ങൾക്ക് കൂടുതൽ പ്രാതിനിധ്യം നൽകണമെന്നും ആവശ്യം.

   **India demands urgent reforms in UN Security Council structure, urges greater representation for developing nations.**

4. ബംഗ്ലാദേശ് പ്രസിഡൻറ് തെരഞ്ഞെടുപ്പ് ഇന്ന്. പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ വോട്ടെടുപ്പ് നടക്കുന്നത് 35 വർഷത്തെ ഇടവേളയ്ക്ക് ശേഷം.

**Bangladesh presidential election Today: voting takes place after a gap of 35 years.**

5. **കേരളം, തമിഴ്നാട്, ലക്ഷദ്വീപ്, മാഹി, കർണാടക തീരങ്ങളിൽ ഇന്ന് കടലാക്രമണത്തിന് സാധ്യത; മത്സ്യതൊഴിലാളികൾക്കും തീരദേശവാസികൾക്കും ജാഗ്രത നിർദേശം.**

   **High waves and coastal erosion alert for Kerala, Tamil Nadu, Lakshadweep, Mahe, and Karnataka; fishermen urged to exercise caution.**

6. **ലോക ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിന്റെ പ്രീ-ക്വാർട്ടർ മത്സരങ്ങൾക്ക് ന്യൂഡൽഹിയിൽ തുടക്കം.**

   **Pre-Quarter matches of World Badminton Championships underway in New Delhi .**

****************************

## VP – UTTARAKHAND VISIT

ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണന്റെ ഉത്തരാഖണ്ഡ് സന്ദർശനം പുരോഗമിക്കുന്നു. മസൂറിയിലുള്ള ലാൽ ബഹാദൂർ ശാസ്ത്രി നാഷണൽ അക്കാദമി ഓഫ് അഡ്മിനിസ്ട്രേഷനിൽ 2024 ബാച്ചിന്റെ ഐ.എ.എസ് പ്രൊഫഷണൽ കോഴ്സ് രണ്ടാം ഘട്ടത്തിൻറെ സമാപന ചടങ്ങിൽ അദ്ദേഹം മുഖ്യാതിഥിയായി പങ്കെടുക്കും. ഉത്തരാഖണ്ഡ് സന്ദർശനത്തിന്റെ ആദ്യ ദിനമായ ഇന്നലെ, ഡെഹ്റാഡൂണിലെ ഇന്ദിരാഗാന്ധി നാഷണൽ ഫോറസ്റ്റ് അക്കാദമിയിൽ പരിശീലനം നടത്തുന്ന 2025-27 ബാച്ച് ഇന്ത്യൻ ഫോറസ്റ്റ് സർവീസ് , റോയൽ ഭൂട്ടാൻ ഫോറസ്റ്റ് സർവീസ് ട്രെയിനി ഓഫീസർമാരെ ഉപരാഷ്ട്രപതി അഭിസംബോധന ചെയ്തിരുന്നു.

****************************

## FUR. DAY TN-AMIT SHAH

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ അധ്യക്ഷതയിൽ ദക്ഷിണ മേഖലാ കൗൺസിലിന്റെ 31-ാമത് യോഗം ചെന്നൈയ്ക്ക് സമീപം കോവളത്ത് പുരോഗമിക്കുന്നു. മുഖ്യമന്ത്രി വി ഡി സതീശൻ, തമിഴ്നാട് മുഖ്യമന്ത്രി ജോസഫ് വിജയ്, കർണാടക മുഖ്യമന്ത്രി ഡി.കെ. ശിവകുമാർ, ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി ചന്ദ്രബാബു നായിഡു, തെലങ്കാന ഉപമുഖ്യമന്ത്രി, പുതുച്ചേരി ലഫ്റ്റനന്റ് ഗവർണർ എന്നിവർ സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്. അന്തർ-സംസ്ഥാന സഹകരണം, സാമ്പത്തിക വളർച്ച, വ്യാവസായിക നിക്ഷേപം, ജലവിഭവ പങ്കിടൽ, അതിർത്തി തർക്കങ്ങൾ തുടങ്ങിയ സുപ്രധാന വിഷയങ്ങൾ സമ്മേളനത്തിൽ ചർച്ചയാകും.

*****************************

## INDIA SINGAPORE ROUNDTABLE (INTRO)

നാലാമത് ഇന്ത്യ-സിംഗപ്പൂർ മന്ത്രിതല വട്ടമേശ സമ്മേളനം ഇന്ന് സിംഗപ്പൂരിൽ നടക്കും. കേന്ദ്ര മന്ത്രിമാരായ നിർമ്മല സീതാരാമൻ, എസ്. ജയശങ്കർ, പിയൂഷ് ഗോയൽ, കേന്ദ്ര സഹമന്ത്രി ജിതിൻ പ്രസാദ എന്നിവർ പങ്കെടുക്കും. **വിശദാംശങ്ങളിലേക്ക്..........**

( വോയ്സ്)

സമ്മേളനത്തിന് മുന്നോടിയായി കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ സിംഗപ്പൂർ പ്രധാനമന്ത്രി ലോറൻസ് വോങ്ങുമായി കൂടിക്കാഴ്ച നടത്തി. കേന്ദ്രമന്ത്രിമാരായ എസ് ജയശങ്കർ, പീയൂഷ് ഗോയൽ, കേന്ദ്ര സഹമന്ത്രി ജിതിൻ പ്രസാദ എന്നിവരും ഒപ്പമുണ്ടായിരുന്നു. സമഗ്ര തന്ത്രപ്രധാന പങ്കാളിത്തത്തിലെ പുരോഗതി ഇരുനേതാക്കളും വിലയിരുത്തിയതായി ധനകാര്യ മന്ത്രാലയം സമൂഹമാധ്യമത്തിൽ അറിയിച്ചു. സാമ്പത്തിക സഹകരണം, ഡിജിറ്റലൈസേഷൻ, കണക്റ്റിവിറ്റി, നൈപുണ്യ വികസനം, സുസ്ഥിരത എന്നിവയുൾപ്പെടെയുള്ള മേഖലകളിൽ ഉഭയകക്ഷി സഹകരണം കൂടുതൽ ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് ചർച്ച ചെയ്തു. ഇന്നലെ വിദേശകാര്യമന്ത്രി എസ്

ജയശങ്കർ സിംഗപ്പൂർ വിദേശകാര്യമന്ത്രി വിവിയൻ ബാലകൃഷ്ണനുമായി കൂടിക്കാഴ്ച നടത്തിയിരുന്നു. **ന്യൂസ് ഡെസ്ക് ആകാശവാണി**

****************************

## RAJNATH SINGH

ഇന്ത്യ-ജപ്പാൻ പ്രതിരോധ മന്ത്രിമാരുടെ യോഗം ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗും ജപ്പാൻ പ്രതിരോധ മന്ത്രി ഷിൻജിറോ കൊയ്സുമിയും സംയുക്തമായാണ് യോഗത്തിന് അധ്യക്ഷത വഹിക്കുന്നത്. പ്രതിരോധ ബന്ധം ശക്തിപ്പെടുത്തൽ, ഇൻഡോ-പസഫിക് മേഖലയിലെ സുരക്ഷ തുടങ്ങിയവ ചർച്ചയാകും. നാവികസേനാ മേധാവി അഡ്മിറൽ കൃഷ്ണ സ്വാമിനാഥൻ, വെസ്റ്റേൺ നേവൽ കമാൻഡ് ഫ്ലാഗ് ഓഫീസർ കമാൻഡിംഗ് ഇൻ ചീഫ് വൈസ് അഡ്മിറൽ സഞ്ജയ് വാത്സ്യായൻ എന്നിവരുമായി ജപ്പാൻ പ്രതിരോധ മന്ത്രി ചർച്ച നടത്തി. യോഗത്തിന് മുന്നോടിയായി ഇന്ന് രാവിലെ ജപ്പാൻ പ്രതിരോധ മന്ത്രി ദേശീയ യുദ്ധസ്മാരകത്തിൽ പുഷ്പചക്രം അർപ്പിച്ചു.

****************************

## PMAY HOUSING

പ്രധാൻ മന്ത്രി ആവാസ് യോജന-ഗ്രാമീൺ പദ്ധതി പ്രകാരം നിർമ്മിച്ച രണ്ട് ലക്ഷത്തി 35,000 വീടുകളുടെ താക്കോൽ കേന്ദ്ര മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ ഇന്ന് പട്നയിൽ കൈമാറി. പുതിയതായി തിരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്കുള്ള അനുമതി പത്രങ്ങളുടെ വിതരണവും അദ്ദേഹം നിർവ്വഹിച്ചു. 'കൃഷി ജൻ കല്യാൺ സംവാദ്' പരിപാടിയിലും കേന്ദ്ര മന്ത്രി പങ്കെടുക്കും.

****************************

## LG-BRICS REVIEW MEETING

ഡൽഹിയിൽ നടക്കാനിരിക്കുന്ന BRICS ഉച്ചകോടി 2026-ന്റെ മുന്നൊരുക്കങ്ങൾ വിലയിരുത്തുന്നതിനായി ലഫ്റ്റനന്റ് ഗവർണർ തരൺജീത് സിംഗ് സന്ധു ഉന്നതതല യോഗം വിളിച്ചുചേർത്തു. ഉച്ചകോടിയുടെ പ്രധാന വേദികളിലും പ്രതിനിധികൾ സഞ്ചരിക്കുന്ന പാതകളിലും സുഗമമായ ഗതാഗതം, ശക്തമായ സുരക്ഷ, മികച്ച നഗര ശുചിത്വം, അടിയന്തര വൈദ്യസഹായ സംവിധാനങ്ങൾ എന്നിവ ഉറപ്പാക്കാൻ ബന്ധപ്പെട്ട വകുപ്പുകൾക്കും ഏജൻസികൾക്കും അദ്ദേഹം നിർദ്ദേശം നൽകി.

****************************

## BHUPENDER-BRICS ARTICLE

ഇന്ത്യയുടെ ബ്രിക്സ് അധ്യക്ഷപദം ജനകേന്ദ്രീകൃതവും മനുഷ്യത്വത്തിന് പ്രഥമ പരിഗണന നൽകിയുമായിരിക്കുമെന്ന് കേന്ദ്ര മന്ത്രി ഭൂപേന്ദർ യാദവ്. സുസ്ഥിര ജീവിതശൈലി, വനവൽക്കരണം, കാലാവസ്ഥാ പ്രതിരോധം എന്നിവയിലാണ് ഇന്ത്യയുടെ ശ്രദ്ധയെന്നും അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു.

****************************

## ബ്രേക്ക്

**ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്..**

**( ബ്രേക്ക്....)**

****************************

## VP+ PM-RAJIV ANNIVERSARY

മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ ജന്മവാർഷിക ദിനമായ ഇന്ന് രാജ്യം സദ്ഭാവന ദിനം ആചരിക്കുന്നു. ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണനും പ്രധാനമന്ത്രി നരേന്ദ്ര മോദിയും ശ്രദ്ധാഞ്ജലി

അർപ്പിച്ചു. KPCC ആസ്ഥാനത്തും അനുസ്മരണ പരിപാടികൾ നടന്നു.

****************************

## INDIA UNSC REFORMS (INTRO)

ഐക്യരാഷ്ട്രസഭ സുരക്ഷാ സമിതിയുടെ ഘടനയിൽ അടിയന്തര പരിഷ്കാരങ്ങൾ ആവശ്യപ്പെട്ട് ഇന്ത്യ. വികസ്വര രാജ്യങ്ങൾക്ക് കൂടുതൽ പ്രാതിനിധ്യം നൽകിക്കൊണ്ട്, നിലവിലെ ആഗോള യാഥാർത്ഥ്യങ്ങൾ പ്രതിഫലിപ്പിക്കുന്ന രീതിയിൽ സമിതി മാറേണ്ടതുണ്ടെന്ന് ഇന്ത്യ ചൂണ്ടിക്കാട്ടി. അംഗത്വ വിപുലീകരണം വേണമെന്നും, 'ഗ്ലോബൽ സൗത്ത്' മേഖലയ്ക്ക് കൂടുതൽ പ്രാതിനിധ്യം ഉറപ്പാക്കണമെന്നും ഐക്യരാഷ്ട്രസഭയിലെ ഇന്ത്യയുടെ താൽക്കാലിക ചുമതലയുള്ള പ്രതിനിധി യോജ്ന പട്ടേൽ വ്യക്തമാക്കി.

**(ഹോൾഡ് വോയ്സ്........)**

****************************

## BANGLA PREZ POLLING

ബംഗ്ലാദേശിന്റെ പുതിയ പ്രസിഡന്റിനെ ഇന്നു തെരഞ്ഞെടുക്കും. ഉച്ചയ്ക്ക് 2 മണി മുതൽ വൈകിട്ട് 5 മണി വരെ പാർലമെന്റ് മന്ദിരമായ ജാതിയ സംസദിൽ എംപിമാർ വോട്ട് രേഖപ്പെടുത്തും. 35 വർഷത്തെ ഇടവേളയ്ക്ക് ശേഷം ആദ്യമായാണ് പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ വോട്ടെടുപ്പ് നടക്കുന്നത്. ഭരണകക്ഷിയായ ബംഗ്ലാദേശ് നാഷണലിസ്റ്റ് പാർട്ടി പ്രതിനിധിയായി മിർസ ഫക്രുൽ ഇസ്‌ലാം ആലംഗീറും, പ്രതിപക്ഷ സഖ്യ സ്ഥാനാർത്ഥിയായി കേണൽ ഒലി അഹമ്മദും തമ്മിലാണ് പ്രധാന മത്സരം.

****************************

## INDIA-KABUL MEDICAL HELP

അഫ്ഗാനിസ്ഥാനിലെ കാബൂളിൽ സർക്കാർ ആശുപത്രിയിലേക്ക് ആവശ്യമായ മരുന്നുകളും മെഡിക്കൽ സാമഗ്രികളും കൈമാറി ഇന്ത്യ. അഫ്ഗാൻ ജനതയുമായുള്ള ദീർഘകാല ആരോഗ്യ പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായാണ് നടപടിയെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. സാമ്പത്തിക-സാമൂഹിക പ്രതിസന്ധികൾ നേരിടുന്ന അഫ്ഗാനിസ്ഥാന് മുൻപും ഇന്ത്യ വലിയ തോതിൽ മാനുഷിക-മെഡിക്കൽ സഹായങ്ങൾ എത്തിച്ചുനൽകിയിട്ടുണ്ട്.

*****************************

## RUSSIA-UKRAINE

യുക്രെൻ തലസ്ഥാനമായ കീവിനു നേരെ റഷ്യ ഇന്നലെ രാത്രിയിൽ നടത്തിയ മിസൈലാക്രമണത്തിൽ ആറ് പേർ കൊല്ലപ്പെടുകയും 33 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. കീവിലെ മൂന്ന് ജില്ലകളിലായി 12 കേന്ദ്രങ്ങളിൽ മിസൈലുകൾ പതിച്ചതായി യുക്രൈൻറെ അടിയന്തര സേവന വിഭാഗം അറിയിച്ചു. വീടുകൾ, ആരോഗ്യ കേന്ദ്രങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്ക് കേടുപാടുകൾ സംഭവിച്ചു. അതേസമയം, റഷ്യയുടെ സൈനിക, തന്ത്രപ്രധാന മേഖലകൾ കേന്ദ്രീകരിച്ച് യുക്രൈനും ആക്രമണങ്ങൾ ശക്തമാക്കി.

*****************************

## TRUMP - IRAN ECONOMIC WARFARE

ഇറാനെതിരെ പുതിയ സാമ്പത്തിക യുദ്ധം പ്രഖ്യാപിച്ച് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്. അമേരിക്കയുമായി കരാറിലെത്താൻ ഇറാന് പല അവസരങ്ങളും നൽകിയിരുന്നെങ്കിലും അവർ പരാജയപ്പെട്ടതായി ട്രംപ് വ്യക്തമാക്കി. ഇറാനെ സഹായിക്കുന്ന രാജ്യങ്ങൾക്കും സാമ്പത്തിക പ്രത്യാഘാതങ്ങൾ നേരിടേണ്ടിവരുമെന്നും മുന്നറിയിപ്പ് നൽകി. അതേസമയം,

ധാരണാ പത്രത്തിലെ വ്യവസ്ഥകൾ അമേരിക്ക പാലിക്കുന്നത് വരെ ഹോർമുസ് കടലിടുക്ക് തുറക്കില്ലെന്ന് ഇറാനും വ്യക്തമാക്കി.

*****************************

## BWF BADMINTON

ന്യൂഡൽഹിയിൽ നടക്കുന്ന ലോക ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിന്റെ പ്രീ-ക്വാർട്ടർ മത്സരങ്ങൾ പുരോഗമിക്കുന്നു. വനിതാ സിംഗിൾസിൽ, പി.വി. സിന്ധു ചൈനയുടെ മൂന്നാം സീഡ് വാങ് ഷി യിയെ നേരിടും. പുരുഷ സിംഗിൾസിൽ, ആയുഷ് ഷെട്ടി, ഇന്തോനേഷ്യൻ താരത്തോട് ഏറ്റുമുട്ടും. വനിതാ ഡബിൾസിൽ ട്രീസ ജോളി - ഗായത്രി ഗോപിചന്ദ് സഖ്യം ക്വാർട്ടറിൽ കടന്നു.

*****************************

## HOCKEY – WORLD CUP

നെതർലൻഡ്സിൽ നടക്കുന്ന FIH ഹോക്കി ലോകകപ്പിൽ ഇന്ത്യൻ വനിതാ ടീം ഇന്ന് ഇംഗ്ലണ്ടിനെ നേരിടും. വിജയമോ സമനിലയോ നേടിയാൽ ഇന്ത്യക്ക് പൂളിൽ ഒന്നാമതെത്തി അടുത്ത റൗണ്ടിലേക്ക് നേരിട്ട് യോഗ്യത നേടാം. പുരുഷ വിഭാഗത്തിൽ ഇന്നലെ നടന്ന അവസാന ഗ്രൂപ്പ് മത്സരത്തിൽ പാകിസ്ഥാനെ പരാജയപ്പെടുത്തി ഇന്ത്യ അടുത്ത റൗണ്ടിലേക്ക് യോഗ്യത നേടി.

*****************************

## KALLAKKADAL

ഉയർന്ന തിരമാലകൾക്കും കള്ളക്കടൽ പ്രതിഭാസത്തിനും സാധ്യതയുള്ളതിനാൽ കേരളത്തിലെ എല്ലാ തീരദേശ ജില്ലകളിലും ഇന്നു വൈകിട്ടു വരെ ചുവപ്പു ജാഗ്രത പ്രഖ്യാപിച്ചു. തമിഴ്നാട്, ലക്ഷദ്വീപ്, മാഹി, കർണാടക തീരങ്ങളിലും മുന്നറിയിപ്പ് നൽകി. ബീച്ചുകളിലേക്കുള്ള യാത്രകളും കടലിൽ ഇറങ്ങിയുള്ള വിനോദങ്ങളും പൂർണമായി ഒഴിവാക്കാൻ നിർദ്ദേശമുണ്ട്.

അതേസമയം, ഒറ്റപ്പെട്ടയിടങ്ങളിൽ മഴയ്ക്ക് സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

*****************************

## ONAM – RAILWAY SAFETY

ഓണക്കാലത്ത് സംസ്ഥാനത്തെ റെയിൽവേ സ്റ്റേഷനുകളിലും ട്രെയിനുകളിലും സുരക്ഷാ ക്രമീകരണങ്ങൾ കർശനമാക്കി. ഈ മാസം 30 വരെ RPFമായി ചേർന്ന് റെയിൽവേ പോലീസ് സംയുക്ത പരിശോധനകൾ നടത്തും. പരാതികൾ റെയിൽ മദദ് പോർട്ടൽ നമ്പറായ 139-ലോ 98 46 20 01 00, 98 46 20 01 50 എന്നിവയിലോ അറിയിക്കാം.

*****************************

## KOCHI METRO – ADDITIONAL SERVICES

ഓണത്തോടനുബന്ധിച്ച് യാത്രക്കാരുടെ തിരക്ക് വർധിക്കുന്നതിനുസരിച്ച് അധിക സർവീസുകൾ നടത്തുമെന്ന് കൊച്ചി മെട്രോ റെയിൽ. ഈ മാസം 22, 24, 25 തീയതികളിൽ ഉച്ചകഴിഞ്ഞ് 3 മുതൽ തിരക്കുള്ള സമയങ്ങളിൽ അധിക സർവീസുകൾ നടത്തും. ഞായറാഴ്ച്ച രണ്ടു ട്രെയിനുകൾ കൂടുതലായി സർവീസ് നടത്തും.

**************************************************************************************